# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6516</u> <u>09.07.2014 ൽ മറുപടിക്ക്</u>

## <u>സബർബൻ റെയിൽ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>,, കെ. സുരേഷ് കുറുപ്പ്:<br>,, രാജു എബ്രഹാം:<br>,, ജെയിംസ് മാത്യു: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സബർബൻ റെയിൽ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് റെയിൽവേ അധികൃതരുമായി ചർച്ച നടത്തുകയുണ്ടായി ട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് റെയിൽവേ അധികൃതരുടെ അഭിപ്രായ മെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | സബർബൻ റെയിൽ പദ്ധതി (തിരുവനന്തപുരം - ചെങ്ങന്നൂർ/ഹരിപ്പാട്) നടപ്പാക്കുന്നത് സംബന്ധിച്ച് റെയിൽവേ അധികൃതരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് റയിൽവേ ഉദ്യോഗസ്ഥൻമാരുടെ അഭിപ്രായങ്ങൾ പൊതുവിൽ പ്രോത്സാഹജനകമാണ്. |
| (ബി) | ഈ പദ്ധതിയെക്കുറിച്ച് പഠനറിപ്പോർട്ട് തയ്യാ റാക്കുന്നതിന് ആരെയാണ് നിശ്ചയിച്ചിരു ന്നത്; ആയത് ടെണ്ടർനടപടിക്രമത്തിലൂടെ ആയിരുന്നുവോ; ഇതിന് ഫീസായി എന്തു തുക നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമേഖലാസ്ഥാപനമായ മുംബൈ റയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) നെയാണ് ഈ രംഗത്ത് അവർക്കുള്ള പരിചയസമ്പത്ത് കണക്കിലെടുത്ത് ഈ പദ്ധതിയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നോമിനേഷനിലൂടെനിയമിച്ച് ചുമതലപ്പെടുത്തി യിരിക്കുന്നത്. പ്രസ്തുത പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് MRVC ക്ക് ആകെ നൽകേണ്ട ഫീസ് 10.99 കോടി രൂപയാണ്. അതിൽ ഇതുവരെ 4,39,62,000/- രൂപ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സബർബൻ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് ഏതു കമ്പനിയെയാണ് കൺസൾട്ടിംഗ് ഏജൻസിയായി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ; | (സി) | വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ച ശേഷമേ ഇക്കാര്യം തീരുമാനിക്കാനാവൂ. |
| (ഡി) | സബർബൻ റെയിൽ പദ്ധതി നടപ്പിലാക്കിയ മറ്റുസംസ്ഥാനങ്ങളിൽ ഇതിലേക്കായി പ്രത്യേക പാത നിർമ്മിച്ചിട്ടുണ്ടായിരുന്നുവോ; സംസ്ഥാനത്ത് പദ്ധതിക്കായി പ്രത്യേക പാത ഉദ്ദേശിക്കുന്നുണ്ടോ; പ്രത്യേക പാതയില്ലാതെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | മുംബൈ ഒഴിച്ച് മറ്റു സ്ഥലങ്ങളിൽ പ്രത്യേക പാതകൾ നിർമ്മിച്ചതായി അറിവില്ല. സംസ്ഥാനത്ത് ഇപ്പോൾ ഈ പദ്ധതിയിൽ പ്രത്യേക പാത ഉദ്ദേശിക്കുന്നില്ല. പ്രത്യേക പാതയില്ലാതെ നിലവിലുള്ള റെയിൽപാതയിൽ ട്രെയിൻ സുരക്ഷാ മുന്നറിയിപ്പ് (Train Protection Warming System) സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തി നിലവിലുള്ള റെയിൽപാതയുടെ ശേഷി വർദ്ധിപ്പിച്ച് ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ